# പരി. ബാവാ- 'ഇവൻ സാക്ഷാൽ ഇസ്രായേല്യൻ'

## ഫാ. ബിജു പി. തോമസ്

**ദൈവതിരുനാമത്തിനു മഹത്വം ഉണ്ടായിരിക്കട്ടെ**

എല്ലാ മാന്യവായനക്കാർക്കും ഓണാശംസകൾ!

തുടർച്ചയായി ഗ്ലോറിയ ന്യൂസ് പത്രം പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നതിൽ അനല്പമായ സന്തോഷം ഉണ്ട്. ഒപ്പം സർവ്വശക്തനായവന്റെ മുമ്പിൽ വിനയപ്പെട്ട് മുട്ടുമടക്കുന്നു.

ഈ ലക്കം പ. കാതോലിക്കാ ബാവാ തിരുമേനിയുടെ 70-ാം ജന്മദിന സ്തോത്രാർപ്പണം ആണ്.

**സപ്തതി വിശേഷൽ പതിപ്പ്**

പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ 70-ാം ജന്മദിനത്തിൽ 'സപ്തതി' വിശേഷാൽ പതിപ്പായി ഈ ലക്കം പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നതിൽ ചാരിതാർത്ഥ്യം ഉണ്ട്.. ആഘോഷങ്ങൾ ഒഴിവാക്കിയ പ. പിതാവ് പ്രസിദ്ധീകരണാനുവാദം നൽകിയതിൽ ദൈവത്തെ സ്തുതിക്കുന്നു.

പരേതരായ ശ്രീ. കെ.ഐ. ഐപ്പിന്റെയും കുറ്റിറ്റിയുടെയും രണ്ടു മക്കളിൽ രണ്ടാമനായി കുന്നംകുളത്ത് കർഷക കുടുംബത്തിൽ 1946 ആഗസ്റ്റ് 30-ാം തീയതി പ. പിതാവ് ജനിച്ചു. കെ.ഐ. പോൾ എന്നായിരുന്നു ബാല്യകാല പേര്. ബാല്യകാലത്തെയും മാതാപിതാക്കളെയും സംബന്ധിച്ച് പിതാവിന്റെ തന്നെ ഭാഷയിൽ; ''ദാരിദ്ര്യം വീട്ടിലെ സ്ഥിരമായ വിരുന്നുകാരനായിരുന്നുവെങ്കിലും സന്തോഷവും സമാധാനവും നിരഞ്ഞുനിന്നിരുന്നു. മാതാപിതാക്കൾ വിദ്യാസമ്പന്നരല്ലെങ്കിലും ദൈവഭയമുള്ളവരും വിവേകിളും ആയിരുന്നു. രണ്ട് നേരം നമസ്കാരം നിർബന്ധമാണ് വീട്ടിൽ. സഭയോടുള്ള സ്നേഹവും ഭക്തിയും കാത്തുസൂക്ഷിച്ചു. ഒരിക്കൽപോലും വീട്ടിൽ ആരും ദേഷ്യപ്പെടുന്നത് മക്കളായ ഞങ്ങൾ കണ്ടിട്ടില്ല.'' **(ജീവിത കാഴ്ചകൾ)**

**പരിശുദ്ധ ബാവാ-പ്രധാന ജീവിത നാഴികക്കല്ലുകൾ**

നല്ല ഒരു ജീവിതത്തിനുള്ള അടിത്തറ ഭവനത്തിൽ നിന്നും സമീപത്തെ ആരാധനാലയത്തിൽ നിന്നും ബന്ധുക്കളിൽ നിന്നും ലഭിച്ചു. തൃശൂർ സെന്റ് തോമസ് കോളജിൽ നിന്നും ബിരുദാനന്തര ബിരുദവും നേടി. കോട്ടയം പഴയ സെമിനാരിയിൽ പഠനം വിജയപ്രദമായി പൂർത്തിയായി 1973-ൽ കശ്ശീശാ പട്ടം സ്വീകരിച്ചു. 1984-ൽ രൂപീകൃതമായി കുന്നുംകുളം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയായി പൗലോസ് മാർ മിലിത്തിയോസ് എന്ന പേരിൽ 1985-ൽ ചുമതല ഏറ്റു. സൺഡേസ്കൂൾ, യുവജനപ്രസ്ഥാനം എന്നീ സംഘടനകളുടെ പ്രസിഡന്റായി സ്തുത്യർഹമായി പ്രവർത്തിച്ചു. 2006 ൽ മലങ്കര ഓർത്തഡോക്സ് സഭയുടെ നിയുക്ത കാതോലിക്കയായും 2010-ൽ കാതോക്കായും മലങ്കരമെത്രാപ്പോലീത്തയായും വാഴിക്കപ്പെട്ടു.

ആഗോള ക്രൈസ്തവലോകത്തെ നേതാക്കളെ സന്ദർശിക്കുകയും അഭിമുഖം നടത്തുകയും ചെയ്ത് ആഗോള സഭൈക്യ പ്രസ്ഥാനത്തിനു നൽകിക്കൊണ്ടിരിക്കുന്ന സംഭാവനകൾ ചരിത്രതാളുകളിൽ തങ്കലിപികളാൽ എഴുതപ്പെടും. 2012-ൽ കെയറോയിൽ വച്ച് കോപ്റ്റിക് ഓർത്തഡോക്സ് സഭയുടെ തലവൻ പ. തവോശോസ് രണ്ടാമന്റെ സ്ഥാനരോഹണത്തിലും 2013-ൽ എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പ. മത്ഥ്യാസ് പാത്രിയർക്കീസിന്റെ സ്ഥാനാരോഹണത്തിലും മുഖ്യാതിഥിയായിരുന്നു. 2013 സെപ്റ്റംബർ 9-ാം തീയതി ആഗ്ലേഷിക്കൻ സഭാ. ആസ്ഥാനമായ ലാംബത്ത് പാലസിൽ നടന്ന എക്യുമെനിക്കൽ സമ്മേളനത്തിൽ മുഖ്യാതിഥിയായിരുന്നു. കേരള ക്രൈസ്തവസഭയിൽ എല്ലാ മേഖലകളിലും പ. പിതാവിന് ഖ്യാതിയും പ്രശസ്തിയും വർദ്ധിക്കുവാൻ ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.

**ഇതാ സാക്ഷാൽ ഇസ്രയേല്യൻ, ഇവനിൽ കപടമില്ല.**

യേശുക്രിസ്തു ഇത്രയും വ്യക്തതയോടെ നഥാനിയേലിനെകുറിച്ചല്ലാതെ മറ്റാരെക്കുറിച്ചും ഒരു പരസ്യപ്രസ്താവന നടത്തുന്നില്ല. സപ്തതിയിലെത്തിയ പ. ബാവാ തിരുമേനിയെ സംബന്ധിച്ചും

ഈ അഭിപ്രായം യോജിക്കും. കാപട്യം എന്നതിന് ദ്വന്ദമുഖം എന്നുവേണമെങ്കിൽ പറയാം പുറമെ ഒരു മനുഷ്യനും ആന്തിരീകമായി മറ്റൊരു ഭാവവും, പലരെ പറ്റിയും നാം, ''അയാൾക്ക് രണ്ട് മുഖമാണ്, പുറമെ കാണുന്ന ആളല്ല അകത്ത്'' എന്ന് പറയാറുണ്ട്. ഒരുദാഹരണം പറഞ്ഞാൽ ക്രിസ്തു ശിഷ്യനായ യൂദാ എല്ലാം ഉപേക്ഷിച്ച് ക്രിസ്തുവിനെ പിൻപറ്റിയപ്പോഴും വലിയ ധനമോഹിയായിരുന്നു. സ്നേഹത്തോടെ ചുംബനം നൽകുമ്പോഴും ആന്തരീകമായി വഞ്ചന പതഞ്ഞുപൊങ്ങുകയായിരുന്നു. ഇതിനൊരപവാദമാണ് ബാവാതിരുമേനി. തിരുമേനിയുടെ ഭാഷയിൽ പറഞ്ഞാൽ 'ഒരു പച്ചമനുഷ്യൻ' മനസ്സാക്ഷി നല്ലതെന്ന് തോന്നിപ്പിക്കുന്നത് അംശീകരിക്കുകയും തെറ്റ് തുറന്നു പറയുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ചിലരെങ്കിലും തെറ്റിദ്ധരിച്ചിട്ടുണ്ടാകാം. സമീപകാലത്തെ ചില രാഷ്ട്രീയ നിലപാടുകൾ അത് വെളിപ്പെടുത്തുന്നവയാണ്. ഇത്തരം നിലപാടുകൾ വിളിച്ചുവരുത്താവുന്ന ഭവിഷ്യത്തുകൾ ഉണ്ടാകും. ലോകത്തിന്റെ മേന്മകളോട് നിർമ്മതത്വം പുലർത്തുന്നവർ അതിനെക്കുറിച്ച് ബേജാറാവുന്നില്ല. കർത്താവായ യേശുക്രിസ്തുവും സ്നാപക യോഹന്നാനും വൻ രാഷ്ട്രീയ ശക്തികളോട് ഏറ്റുമുട്ടി സ്വജീവൻ പോലും അപകടപ്പെടുത്തിയവരാണ്. ക്രൈസ്തവർക്ക് എന്നും പോരാട്ടം ഉള്ളത് വാഴ്ചകളോടും അധികാരങ്ങളോടും ആണ്.

ബാവാ തിരുമേനിയെ പോലെ, നിഷ്കപടമായി ജീവിത സമീപിക്കുന്നവർക്ക് ആത്മീയമായ ശക്തമായ അടിത്തറയും ഹൃദയനൈർമല്യവും ആവശ്യമാണ്. തിരുമേനിയുടെ സംഭാഷണത്തിലും, പ്രഭാഷണങ്ങളിലും പെരുമാറ്റത്തിലും ഭക്ഷണരീതിയിലും ഇരുപ്പിലും നടപ്പിലും എല്ലാം നിഷ്കളങ്കത വ്യക്തമാണ്.

**പെരുമാറ്റത്തിലെ ഊഷ്മളത**

ഇക്കാലത്ത് ഒരു സമുദായ നേതാവായി പെരുമാറുക അതീവ ക്ലേശകരമാണ്. ജനം വലിയ കാര്യങ്ങൾ നേതാവിൽ നിന്നും പ്രതീക്ഷിക്കുന്നു. പ്രതീക്ഷിക്കുന്നത് നടക്കാതെ വരുമ്പോൾ നിരാശിതരാവുന്നു. തിരക്കിന്റെ ബാഹുല്യം കാരണം ജനമദ്ധ്യത്തിൽ ജനകീയനാകുക എന്നത് വളരെ മനഃക്ലേശം സംജാതമാക്കുന്നതാണ്. ഒപ്പം ശാരീരിക പീഡയും വർദ്ധിക്കും. ഇത്തരം ജീവിത സാഹചര്യങ്ങളിൽ സുസ്മേരവദനനായി, ഹൃദയപൂർവ്വമായി പെരുമാറുക എന്നത് അത്ഭുതാവഹം ആണ്. പ. ബാവാ തിരുമേനി, പൊതുവേ തന്നോട് ഇടപെടുന്നവരോട് തുറന്നു പുഞ്ചിരിയോടെ പെരുമാറുന്ന പ്രകൃതമാണ്. തിരുമേനിയോട് ഇടപെടുമ്പോൾ തിരുമേനിക്ക് ഏറ്റവും പ്രിയവും സ്നേഹവും നമ്മോടാണ് എന്നു തോന്നിപ്പോകും. ഒരേ സമയം പ്രൗഢഗംഭീരമായ സ്ഥാനവും സാമൂഹിക അംഗീകാരവും അനുഭവിക്കുകയും ഒപ്പം സാധാരണക്കാരായ ജനത്തോടും വൈദീകരോടും, അവരിൽ ഒരാളായി, അവരുടെ പ്രതീക്ഷയ്ക്കൊത്ത് താണിറങ്ങിവന്ന് പെരുമാറുകയും ചെയ്യുന്നതിന് നല്ല വ്യക്തിത്വം, വഴക്കം വളരെ പ്രധാനമാണ്. പലരും പട്ടുപോകുന്നത് അവിടെയാണ്. സ്ഥാനവും ധനവും പ്രശസ്തിയും അനർഗളം എത്തുമ്പോൾ സ്വയം മറന്ന് പറന്ന് പറന്ന് ഉയരുക... പട്ടത്തിനു പറ്റിയ അബദ്ധം ചിന്തമാതിരി ഒരവസ്ഥ... പട്ടത്തെ നിയന്ത്രിച്ചിരുന്ന, മണ്ണിൽ കെട്ടിയ ഏകദേശം അദൃശ്യമായ ചരടിന്റെ ബന്ധം മറന്നുപോകുന്നു. അത്തരവക്കാരെ ഉദ്ദേശിച്ചാകാം ക്രിസ്തു ഉപമ പറഞ്ഞതെന്നും തോന്നുന്നു. കാര്യസ്ഥന്റെ സമ്പത്തു കൊണ്ടു തന്റെ സ്ഥാനം കൊണ്ടും സാമൂഹ്യവലയം വിശാലമാക്കുവാൻ തീരുമാനിക്കുന്ന കഥ. പ. പിതാവ് തന്റെ മുൻകാലത്തെ മറക്കുന്നില്ല എന്നുമാത്രമല്ല അവയെ വലിയ സമ്പത്തായി കാണുന്നു എന്ന് 'ജീവിത കാഴ്ചകൾ' എന്ന ഗ്രന്ഥ വായനയിൽ മനസ്സിലാകും. എഴുത്ത് ആരംഭിക്കുന്നത് തന്നെ അത്തരത്തിലാണ്; ''ഒരു നിർദ്ധന കർഷക കുടുംബത്തിൽ പിറന്ന ബാല്യകാലം ധാരാളം കഷ്ടാരിഷ്ടതകൾ നിറഞ്ഞതായിരുന്നു'' എന്ന് പറഞ്ഞുകൊണ്ടാണ്. ഇത്തരം സ്മരണകൾ നമ്മെ മനഷ്യരുമായി ഊഷ്മളതയോടെ പരുമാറുവാവാൻ ശക്തീകരിക്കുന്നു. പിതാവിന്റെ ഗ്രന്ഥത്തിലെ മറ്റൊരു വാക്ക് ഞാനെടുത്തെഴുതട്ടെ. ''ചരിത്രത്തിലെ ദൈവത്തിന്റെ ഇടപെടലാണ് ക്രിസ്തു. ദൈവികമായ എല്ലാ ഇടപെടലുകളിലും ക്രിസ്തുസ്നേഹം തന്നെയാണ് ആവർത്തിക്കുന്നത്. ക്രിസ്തുവിന്റെ അനുയായി ആകണമെങ്കിൽ സ്നേഹം അനുശീലിക്കണം.''

**ആഴമായ ദൈവവിശ്വാസവും പ്രാർത്ഥനയും**

''ദൈവത്തോട് രഹസ്യം പറയുവാനും ആലോചിക്കുവാനും ആരുടെയും അനുവാദം വേണ്ട. ദൈവത്തെ ഒരു സ്നേഹിതനെപ്പോലെ കാണുകയും വിഷയങ്ങൾ അപതരിപ്പിക്കുയും ചെയ്യാം.'' പിതാവിന്റെ വാക്കുകളിലും പ്രഭാഷണങ്ങളിലും ജീവിതത്തിന്റെ സമസ്തമേഖലകളിലും ദൈവ

ത്തിലുള്ള അചഞ്ചമായ വിശ്വാസവും പ്രാർത്ഥനയിലുള്ള ആശ്രയത്വവും കാണാം. മെത്രാപ്പോലീത്താ ആകുന്നതിന്റെ തലേ രാത്രിയിലെ അനുഭവത്തെ ശ്രദ്ധിക്കുക, ''മെത്രാപ്പോലീത്താ സ്ഥാനം ഏൽക്കുന്നതിന്റെ തലേ ദിവസം പരിഭമവും പ്രാർത്ഥനയും ഒരുപോലെ നിറഞ്ഞുനിന്നിരുന്നു. ഏതാണ്ടി പ്രകാരം ഉള്ളുരുകി പ്രാർത്ഥിച്ചു, മേൽപ്പട്ടക്കാരനാകുന്നതോടൊപ്പം ദൈവമേ നിന്റെ സാന്നിധ്യം എന്നോടൊപ്പം ഉണ്ടായിരിക്കണമെ.

അചഞ്ചലമായ ദൈവവിശ്വാസവും നിഷ്ഠയുള്ള പ്രാർത്ഥനാജീവിതുവും രൂഢമൂലമാക്കുന്നതിൽ കുടുംബാന്തരീക്ഷം നിർവ്വഹിച്ച പങ്കിൽ പ. പിതാവ് അഭിമാനിതനാണ്.

പ. പിതാവിന് ആയുരാരോഗ്യം നേരുന്നു.